# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3080 07.02.2018 -ൽ മറുപടി നൽകേണ്ടിയിരുന്നത്

**സർവ്വകലാശാലകളെ അന്താരാഷ്ട്ര ഗവേഷണ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

*ചോദ്യം*

ശ്രീ. കെ. സി. ജോസഫ്
,, റോജി എം. ജോൺ
,, കെ. എസ്. ശബരീനാഥൻ
,, വി. പി. സജീന്ദ്രൻ :

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളെ അന്താരാഷ്ട്ര ഗവേഷണ കേന്ദ്രങ്ങളാക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവ ഉൾപ്പെടെ 5 കോളേജുകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കുന്ന പദ്ധതി പ്രകാരം അവിടെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (ബി) | ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനു വേണ്ടി കിഫ്ബി മുഖേന 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി KITE നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്. |
| (സി) | സർക്കാർ കോളേജുകളിലും, യൂണിവേഴ്സിറ്റികളിലും കാലത്തിനനുസൃതമായ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവാരമുള്ള വിദ്യാഭ്യാസം സാധാരണക്കാർക്ക് ഉറപ്പുവരുത്തുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സർക്കാർ കോളേജുകളും സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളായി (Centres of Excellence) മാറുമ്പോൾ നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ